**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4761** **13-03-2023 - ൽ മറുപടിയ്ക്ക്**

**മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ പമ്പും മോട്ടോറും മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്കായി 288 ലക്ഷം രൂപയ്ക്ക് സർക്കാർ ഉത്തരവ് (സാധാ) നം.233/2022/WRD തിയ്യതി 24/03/2022 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ PRICE 3 യിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നിവ ഉൾപ്പെടുത്തി composite estimate തയ്യാറാക്കുവാനും സാങ്കേതികാനുമതി നൽകുവാനും ബുദ്ധിമുട്ട് വരികയുണ്ടായി. ആയതിനാൽ price-3 software-ൽ ഉളവായ ന്യൂനതകൾ പരിഹരിക്കേണ്ടതുണ്ട്. ഭരണാനുമതി തുകയിൽ പ്രവൃത്തികൾക്കുള്ള തുകയോടൊപ്പം 12% GST ആണ് ഉൾക്കൊള്ളിച്ചിരുന്നത്. എന്നാൽ GST 18% ആയി ഉയർന്ന സാഹചര്യത്തിൽ പ്രസ്തുത തുക കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കേണ്ടി വരികയും തൽഫലമായി അടങ്കൽ തുക 288 ലക്ഷം രൂപയിൽ നിന്ന് 307 ലക്ഷം രൂപയായി വർദ്ധിക്കുകയും ചെയ്തിരുന്നു. അപ്രകാരം ചീഫ് എഞ്ചിനീയർ പ്രോജക്ട്-I ൽ നിന്നും ലഭ്യമായ പുതുക്കിയ ഭരണാനുമതിയ്ക്കുള്ള 307 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ? | (ബി) | പുതുക്കിയ ഭരണാനുമതി നല്കുകയും Price-3 ലെ ന്യൂനതകൾ പരിഹരിക്കുകയും ചെയ്യുന്ന മുറയ്ക്ക് ടി പ്രവൃത്തിയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് വേഗത്തിൽ പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ